**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1251** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ നൽകാമോ; ഈ സ്ഥാപനങ്ങളിൽ അധിക/പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ പോളിടെക്നിക് കോളേജ്, ചേലക്കര- ആലത്തൂർ നിയോജക മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. നിലവിൽ ഈ സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടില്ല.

മണ്ഡലത്തിന് കീഴിൽ വരുന്ന ശ്രീ നാരായണ കോളേജിൽ അസാപ് കേരളയുടെ നേതൃത്വത്തിൽ 'സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് (CSDCCP)' എന്ന പേരിൽ നൈപുണ്യ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നു. ഉയർന്ന തൊഴിൽസാധ്യതയുള്ള ഐടി, ഫിനാൻസ്, അക്കൗണ്ടിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഹെൽത്ത്കെയർ, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിൽ നൈപുണ്യ പരിശീലനവും, ആശയവിനിമയം, ലീഡർഷിപ്പ്, ഇന്റർവ്യൂ തയ്യാറെടുപ്പ് തുടങ്ങിയവ ഉൾക്കൊള്ളുന്ന എംപ്ലോയബിലിറ്റി സ്കിൽ പരിശീലനവും ഇവിടെ നൽകി വരുന്നു.

എൽ.ബി.എസ് സെന്ററിനു കീഴിൽ ആലത്തൂരിൽ ഒരു സബ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (PGDCA) ഉൾപ്പെടെയുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ ഈ സ്ഥാപനത്തിൽ നടത്തിവരുന്നു. കൂടാതെ IHRD യുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്ക് കോളേജ്, കുഴൽ മന്ദം-ഉം ആലത്തൂർ നിയോജക മണ്ഡലത്തിലാണ് പ്രവർത്തിക്കുന്നത്.

**(ബി)** പ്രസ്തുത സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും പ്രവൃത്തികൾ നടന്നു വരികയോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസലുകളോ പരിഗണനയിലുണ്ടോ?

**<u>മറുപടി:</u>** കുഴൽ മന്ദം മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്ക് കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയതായി 1600 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ മൂന്ന് കോടി രൂപ ചെലവിൽ ഒരു അക്കാഡമിക് ബ്ലോക്ക് കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.

എൽ.ബി.എസ് സബ് സെന്റർ ആലത്തൂരിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് 2026-27 വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് കമ്പ്യൂട്ടർ ലാബുകളുടെ അപ്ഗ്രഡേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നു.

ചേലക്കര സർക്കാർ പോളിടെക്നിക് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി Centre of Excellence-ന്, MP ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**